പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 616 | 26.4.2017 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരികളുടെ സന്ദർശനം വർദ്ധിപ്പിക്കാൻ കർമ്മ പദ്ധതികൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അൻവർ സാദത്ത് : | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). |
| എ) | സംസ്ഥാനത്ത് വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചതെന്നു വ്യക്തമാക്കുമോ; | എ) | • വിദേശ വിപണികളിൽ കേരളത്തിന്റെ ടൂറിസം പ്രാധാന്യം വെളിപ്പെടുത്തുന്നതിനായി കേരള ബ്ലോഗ് എക്സ്പ്രസ്-4 സംഘടിപ്പിച്ചു.<br>• മുസിരിസ്,സ്പൈസ് റൂട്ട് എന്നിവയെ മുൻ നിർത്തി പൈതൃക ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനോടൊപ്പം വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br>• ടൂറിസം മേഖലയിലുള്ള സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനായി കേരള ടൂറിസത്തിന്റെ സഹകരണത്തോടെ കേരള ട്രാവൽ മാർട്ട് 2016 സംഘടിപ്പിച്ചു.<br>• കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ ഓഫ് ലൈൻ പ്രചരണങ്ങൾ നടപ്പാക്കി വരുന്നു.<br>• വിദേശവിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി ജക്കാർത്ത, ടോക്യോ, സിംഗപ്പൂർ, ലണ്ടൻ, നെതർലാന്റ്സ്, മാഡ്രിഡ്, ബെർലിൻ, മോസ്കോ എന്നിവിടങ്ങളിൽ ട്രേഡ് ഫെയറുകളിൽ പങ്കെടുത്തു. |

| | | | |
|---|---|---|---|
| | | | • കേരള ടൂറിസം വിപണി ഉറപ്പാക്കുന്നതിനായി മലേഷ്യ, ആസ്ട്രേലിയ, അയർലന്റ്, സ്വീഡൻ,ജർമനി, ഫ്രാൻസ്, ഇറ്റലി, ചെക്ക് റിപ്പബ്ലിക്ക്, സ്പെയിൻ, റഷ്യ, ഉക്രയിൻ എന്നിവിടങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു.<br>• വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും തദ്ദേശീയർക്ക് ടൂറിസത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | വിനോദ സഞ്ചാരികളുടെ സന്ദർശനം എത്രമാത്രം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നു വിശദീകരിക്കുമോ; | ബി) | വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളിലേതു പോലെ ആനുപാതിക വർദ്ധനവാണ് കേരള ടൂറിസം പ്രതീക്ഷിക്കുന്നത്. |
| സി) | ഇതിനായി ഒരു ടൂറിസം നയം പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | സി) | പുതിയ ടൂറിസംനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ